ROLL NO. | | | | | |

# INDIAN SCHOOL SALALAH
## FIRST TERM EXAMINATION – SEPTEMBER 2025

**CLASS: 9** **( MALAYALAM - 012 )** **Date: 18-09-2025**

**Time: 3 HRS** **Maximum Marks: 80**

---

**This question paper is divided in to Four sections**

**Section – A : Reading comprehension - 15 Marks**

**Section – B : Creative Writing - 14 Marks**

**Section – C : Grammar - 15 Marks**

**Section – D : Literature ( Prose & Poetry) - 36 Marks**

## എ വിഭാഗം / SECTION A

1. തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) **( 8X1 =8 )**

തോറ്റ കുട്ടി പുറത്തേക്കിറങ്ങി
തോട്ടു വെള്ളത്തിൽ പുസ്തകം വിട്ടു.
കാറ്റിലേക്കു കുടയും കൊടുത്തു.
തുണ്ടു പെൻസിലെറിഞ്ഞു കളഞ്ഞു
കണ്ട കാട്ടുവഴിയിൽ നടന്നു.
തൊട്ടു മെല്ലെ വിളിച്ചപോൽ തോന്നി
തൊട്ടടുത്തു പിറകിൽ വന്നാരോ.
തിത്തിരിപ്പക്ഷി മൂളിയതാവാം,
കൊച്ചുതുമ്പിയോ മൈനയോ ആവാം.
കാട്ടുവള്ളിയിൽ തൂങ്ങിക്കുതിച്ചു
കാട്ടിലേക്കവൻ ചെന്നു പോൽ പിന്നെ.
പൂത്ത മുല്ലതൻ സൗരഭം നീന്തും

( P T O )

കാറ്റവനൊരു പാട്ടുപോൽ തോന്നി.

പൂക്കളൊക്കെയും വാക്കുകൾ.
പായും കാട്ടരുവി കളകള ഗാനം.
രാത്രി, നക്ഷത്ര വിസ്തൃതാകാശം
നീർത്തി വെച്ചൊരു പുസ്തകമായി.
തോറ്റ കുട്ടിയെ തോളത്തുവെച്ചു
പൂത്തു നിന്നു മരതകക്കുന്ന്.
തോല്ക്കുകില്ല നീയെന്നേ പറഞ്ഞു
കാത്തു നിൽക്കുന്നൊരമ്പിളിത്തെല്ല്

**<u>ചോദ്യങ്ങൾ</u>**

(a). പുറത്തേക്കിറങ്ങിയതാര് ?

(b). കാറ്റിലേക്ക് കൊടുത്തതെന്ത് ?

(c). തുണ്ടു പെൻസിൽ എന്തുചെയ്തു ?

(d). തോട്ടുവെള്ളത്തിൽ എന്താണ് വിട്ടത് ?

(e). കാറ്റ് അവന് എന്തായിട്ടാണ് തോന്നിയത് ?

(f). നീർത്തി വെച്ചൊരു പുസ്തകമായതെന്ത് ?

(g). തോറ്റ കുട്ടിയെ തോളത്തുവെച്ചതാര് ?

(h). തോല്ക്കുകയില്ല നീ എന്നു പറഞ്ഞതാര് ?

**2.** തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) **( 7X1 =7 )**

ഉമ്മക്കുലുസു മരിച്ചന്നു രാത്രിയിൽ

ഉമ്മ തനിച്ചു പുറത്തുനിന്നു.

ഉറ്റവരൊക്കെയും പോയിരുന്നു

മുറ്റമോ ശൂന്യമായ് തീർന്നിരുന്നു.

വാടകയ്ക്കായെടുത്തുള്ള കസേരകൾ,

ഗ്യാസ് ലൈറ്റ്, പായകൾ കൊണ്ടുപോയി.

വേലിക്കൽ പണ്ടവൾ നട്ടൊരു ചമ്പക-
ച്ചോടോളമപ്പോളിരുട്ടു വന്നു,
ഉമ്മറക്കൽപ്പടിച്ചോട്ടിലവളഴി-
ച്ചിട്ട ചെരിപ്പൊന്നുരുമ്മി നോക്കി
പുള്ളിക്കുറിഞ്ഞി നിസ്സംഗയായ് പിന്നിലെ
കല്ലുവെട്ടാംകുഴിക്കുള്ളിലേറി.
തെക്കേപ്പുറത്തയക്കോലിലവളുടെ
ഇത്തിരിപ്പിഞ്ഞിയ കുഞ്ഞുടുപ്പിൽ
ചുറ്റിക്കറങ്ങി നടക്കുന്ന കാറ്റൊന്നു
തട്ടിനോക്കി , മരക്കൊമ്പിലേറി.
ഉമ്മക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ പുറത്തു തനിച്ചു നിൽക്കെ.
പെട്ടെന്നു വന്നു പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞുചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവെച്ചു.
ഉമ്മക്കുലുസു മരിച്ചന്നു രാത്രിതൊ-
ട്ടിന്നോളമാ മഴ തോർന്നുമില്ല

**<u>ചോദ്യങ്ങൾ</u>**

(a). ഉമ്മ തനിച്ചു പുറത്തു നിന്നതെപ്പോൾ ?

(b). വാടകയ്ക്കെടുത്ത എന്തെല്ലാം സാധനങ്ങളാണ് കൊണ്ടുപോയത് ?

(c). വേലിക്കൽ ഉമ്മക്കുലുസു എന്താണ് നട്ടിരുന്നത് ?

(d). പുള്ളിക്കുറിഞ്ഞി നിസ്സംഗയായ് എങ്ങോട്ടാണ് പോയത് ? **(P T O)**

(e). മണ്ണട്ടിമേലെ എന്താണ് ഉമ്മ നിവർത്തി വെച്ചത് ?

(f). തെക്കേപ്പുറത്തെയക്കോലിൽ എന്താണ് കിടന്നിരുന്നത് ?

(g). ഉമ്മ പുറത്തുനിന്നപ്പോൾ പെട്ടെന്ന് എന്താണ് വന്നത് ?

## ബി വിഭാഗം / SECTION B

**3.** (a). താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക . **5**

(i). ഗ്രന്ഥശാല എന്ന സർവ്വകലാശാല

(ii). ആധുനിക ഭക്ഷണശീലങ്ങളും ആരോഗ്യ പ്രശ്നങ്ങളും

(b). അടിക്കടിയുണ്ടാകുന്ന പാചകവാതക വിലവർദ്ധനയ്ക്ക് ഒരു പരിഹാരം കണ്ടെത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക **5**

(c). ഒട്ടേറെ പരിമിതികൾ മറികടന്ന്, ഐ എ എസ്സിന് അഖിലേന്ത്യാതലത്തിൽ ഉയർന്ന റാങ്ക് നേടിയ രാജു എന്ന നിങ്ങളുടെ നാട്ടുകാരന് നാട്ടുകൂട്ടായ്മയുടെ ആദരവും അഭിനന്ദനപ്രവാഹവും - ഒരു പത്രവാർത്ത തയ്യാറാക്കുക **4**

## സി വിഭാഗം / SECTION C

**4. (a).** പ്രയോഗം മാറ്റുക. **(2X1=2)**

(i). പാൽക്കാരൻ അവരുടെ നേർക്ക് തലകുനിച്ചുകൊണ്ട് പറഞ്ഞു.

(ii). മൈതാനത്തിലേക്ക് വന്ന ദയയ്ക്ക് സേനാപതിയാൽ വില്ലും ആവനാഴിയും കൊടുക്കപ്പെടുന്നു.

**(b).** അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. **(2X1=2)**

(i). ആഗോള ഭക്ഷ്യവ്യവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രാദേശിക ഭക്ഷ്യ വ്യവസ്ഥകൾ എന്തുകൊണ്ടും അഭികാമ്യമാണ്

(ii). അവർ കാണിച്ച വീടിൻറെ മുന്നിൽ ഡ്രൈവർ കാർ നിർത്തി. **(PTO)**

**(c)**. <u>വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക</u>. **(2X1=2)**

(i). അവർ തമ്മിൽ പരസ്പരം പറയുന്നത് അവൾ കേൾക്കുന്നു.

(ii). അയാൾ അവരെ പതുക്കെ സാവധാനത്തിൽ എഴുന്നേൽപ്പിച്ചിരുത്തി.

**(d ).** <u>ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.</u> **(2X1=2)**

(i). തള്ളിയിടുക (ii). അമിതമായി (iii). അസാധ്യം

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** **( 7X1=7 )**

(a). "സുലഭം" എന്ന വാക്കിൻറെ വിപരീതപദം ഏത് ?

( ആലംബം , ധാരാളം , ദുർലഭം , തിരശ്ശീല )

(b). "പാല്" - ഈ പദത്തിൻറെ ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക

( പയസ്സ് , അന്നം , ക്ഷീരം , മധു )

(c). "ചോദ്യോത്തരം" എന്ന വാക്ക് ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ ?

( ചോദ്യ + ഉത്തരം , ചോദി + ഉത്തരം , ചോദ്യോ + ഉത്തരം , ചോദ്യ + തരം )

(d). "ചോര" എന്ന് അർഥം വരാത്ത പദമേത് ?

( രക്തം , നിണം , രസന , രുധിരം )

(e). "മേനി" - എന്ന വാക്കിൻറെ നാനാർഥ പദങ്ങൾ ഏതെല്ലാം ?

( സമയം , ശരീരം , മനസ്സ് , മുഖസ്തുതി )

(f). "വർണ്ണം" - എന്നതിൻറെ നാനാർഥ പദമല്ലാത്ത പദമേത് ?

( നിറം , അക്ഷരം , രശ്മി , ജാതി )

(g). "മിച്ചം - മെച്ചം" ഇവയുടെ അർഥവ്യത്യാസം വ്യക്തമാക്കുക

( ഗുണം , പുക , പൊടി , ബാക്കി )

(h). "തുമ്പപ്പൂവ്" - എന്ന വാക്ക് ശരിയായി വിഗ്രഹിക്കുന്നതെങ്ങനെ?

( തുമ്പയും പൂവും , തുമ്പയുടെ പൂവ് , തുമ്പമുള്ള പൂവ് , തുമ്പ കൊണ്ടുള്ള പൂവ് )

(i). "ലേഖകൻ" - എന്ന വാക്കിൻറെ എതിർലിംഗം ഏതാണ് ?

( ലേഖികി , ലേഖിക , ലേഖക , ലേഖകി )

(j). തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

( സ്താനാർഥി , സ്ഥാനാർഥി , സ്ഥാനാർത്തി , സ്ഥാനാർധി )

## ഡി വിഭാഗം / SECTION D

**6.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. ( ഓരോന്നിനും 2 മാർക്ക് വീതം ) **( 9X2=18 )**

**(a)**. "ദാഹിക്കുന്നു ഭഗിനി കൃപാരസ
മോഹനം കുളിർ തണ്ണീരിതാശു നീ".

(i). ഇത് ആരുടെ വാക്കുകളാണ് ?

( ആനന്ദ ഭിക്ഷു , ഉപഗുപ്തൻ , കുമാരനാശാൻ , മാതംഗി )

(ii). "ഏതു കൃതിയിൽ നിന്നെടുത്തതാണ് ഈ വരികൾ ?

( കരുണ , ചണ്ഡാലഭിക്ഷുകി , നളിനി , ലീല )

**(b)**. "പരിപ്പും പച്ചടിച്ചാറും
കരിമ്പിൻനീർ നല്ലപാലും"

(i). ഏതു സദ്യയിലാണ് ഇങ്ങനെ വിളമ്പുന്നത് ?

( സീതാസ്വയംവര സദ്യയുടെ , പാഞ്ചാലീസ്വയംവര സദ്യയുടെ , ഉത്തരാസ്വയംവര സദ്യയുടെ , ദമയന്തീസ്വയംവര സദ്യയുടെ )

(ii). നമ്പ്യാർ കൃതികളിലെ പ്രധാന രസം ഏത് ?

( കരുണം , വീരം , ശൃംഗാരം , ഹാസ്യം )

**(c)**. (i). മാറ്റങ്ങളെല്ലാം മായയാണെന്ന് അദ്ദേഹം പറഞ്ഞു - ആര് ?

( രാജാവ് , പാർമനെഡീസ് , സേനാപതി , എം ടി വാസുദേവൻ നായർ )

(ii). ഏതു സന്ദർഭത്തിലാണ് ദയ ഇങ്ങനെ പറയുന്നത് ?

( കുതിരസവാരിക്കു ശേഷം , അമ്പെയ്ത്തു കഴിഞ്ഞപ്പോൾ ,

ചതുരംഗത്തിനു ശേഷം , വാൾപ്പയറ്റിനു ശേഷം )

**(d).** “വെറും നിലത്ത് ഒരു പായകൂടി വിരിക്കാൻ മിനക്കെടാതെ അവർ

കിടന്നു”

(i). ആരാണ് കിടന്നത് ?

( മകൻ , അമ്മ , ഡ്രൈവർ , പാൽക്കാരൻ )

(ii). ആ കിടപ്പിനെ എങ്ങനെയാണ് വിശേഷിപ്പിക്കുന്നത് ?

( കൊഴിഞ്ഞ ഇലയോട് , പൊളിഞ്ഞ പാവയോട് , കരിഞ്ഞ മരത്തോട് ,

വീണ പൂവിനോട് )

**(e)**. (i). ചെറിയ പാടുകൾ വീണ ഭക്ഷ്യവസ്തുക്കൾ മോശമാണെന്ന് പറയുന്നത്

എന്തുകൊണ്ട് ?

( ഗുണമേന്മയില്ലാത്തതിനാൽ , പെട്ടെന്ന് ചീത്തയാവുന്നതിനാൽ ,

അസുഖം വരുന്നതുകൊണ്ട് , അജ്ഞതമൂലം )

(ii). ഭക്ഷ്യവസ്തുക്കളുടെ മേൽ ചെറിയ പാടുകൾ ഉണ്ടാക്കുന്നതാര് ?

( സൂക്ഷ്മജീവികൾ , എഥിലീൻ വാതകം , മനുഷ്യർ , യന്ത്രങ്ങൾ )

**(f).** “അല്പമല്ല ഭുജിക്കുന്നു

കഴുത്തോളം പൂർണ്ണമായി”

(i). ഈ വരികൾ സൂചിപ്പിക്കുന്നതെന്ത് ?

( അമിതമായി ഭക്ഷണം കഴിക്കൽ , ധാരാളം വിഭവങ്ങളുണ്ട് ,

രുചികരമായ വിഭവങ്ങൾ , മിതമായി ഭക്ഷണം കഴിക്കൽ ) **(PTO)**

(ii). കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്ന കാലഘട്ടം ഏത് ?

( പതിനഞ്ചാം നൂറ്റാണ്ട് , പതിനാറാം നൂറ്റാണ്ട് , പത്തൊൻപതാം നൂറ്റാണ്ട് , പതിനെട്ടാം നൂറ്റാണ്ട് )

**(g).** "പാരം വിസ്മയമാർന്നു വിസ്ഫാരിത

താരയായ്ത്തെല്ലു നിന്നു മൈക്കണ്ണിയാൾ"

(i). വിസ്മയത്തോടെ മാതംഗി നിൽക്കാൻ കാരണമെന്ത് ?

( ആനന്ദഭിക്ഷുവിൻറെ സൌന്ദര്യം കണ്ട് , വരൾച്ചയുടെ ആധിക്യം മൂലം , ബുദ്ധഭിക്ഷു ചണ്ഡാലിയായ മാതംഗിയോട് ദാഹലം ചോദിച്ചപ്പോൾ , ശ്രീബുദ്ധനെ കണ്ടിട്ട് )

(ii). കുമാരനാശാന് ചേരാത്ത വിശേഷണമേത് ?

( ഭാവഗായകൻ , ശബ്ദസുന്ദരൻ , സ്നേഹഗായകൻ , ആശയഗംഭീരൻ )

**(h).** "അയ്യോ എന്ന് നിലവിളിക്കാൻ കൂടി നാവുയർന്നില്ല"

(i). ആർക്ക് ?

( പോലീസുകാരന് , പാൽക്കാരന് , മകന് , വൃദ്ധയ്ക്ക് )

(ii). എന്തുകൊണ്ടാണ് നിലവിളിക്കാൻ പോലും നാവുയരാതിരുന്നത് ?

( വേദനയുടെ മരവിപ്പിനാൽ , തല കറങ്ങിയതുകൊണ്ട് ,

തലവേദനയായതുകൊണ്ട് , നടക്കാൻ പറ്റാഞ്ഞതുകൊണ്ട് )

**(i).** "കഷ്ടകാലത്തിന് ഞാനിവിടെ വന്നുപെട്ടു. നിന്നെ കീഴടക്കാൻ എനിക്കാവില്ല. നിയെന്നെ സഹായിക്കാതെ പറ്റില്ല"

(i). ആര് ആരോടാണ് ഇങ്ങനെ പറയുന്നത് ?

( ദയ സേനാപതിയോട് , ദയ വാൾപ്പയറ്റ് വിദഗ്ധനോട് ,

ദയ കുതിരയോട് , ദയ രാജകുമാരിയോട് )

(ii). താഴെ പറയുന്നവയിൽ എം ടി യുടെ കൃതി അല്ലാത്തത് ഏത് ?

( നാലുകെട്ട് , ചന്ദന മരങ്ങൾ , രണ്ടാമൂഴം , അസുരവിത്ത് ) **(PTO)**

**(j).** (i). പ്രാദേശിക ഭക്ഷ്യവ്യവസ്ഥ ഊന്നൽ നൽകുന്നത് എന്തിന് ?

( ദൃശ്യചാരുതയ്ക്ക് , സൂക്ഷ്മജീവികൾക്ക് , കീടനാശിനി ഉപയോഗത്തിന് , പോഷകമൂല്യത്തിന് )

(ii). വിളവെടുപ്പ് കഴിഞ്ഞാൽ ക്രമത്തിൽ ഭക്ഷ്യവസ്തുക്കൾക്ക് എന്തു സംഭവിക്കും ?

( ചീഞ്ഞുപോകും , വിറ്റാമിനുകൾ ക്ഷയിക്കും , പഴുത്തു പോകും , രുചിയില്ലാതാവും )

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 3 മാർക്ക് വീതം **(3 X3=9 )**

(i). "കരിഞ്ഞ മരങ്ങളുടെ വേരുകൾ, മണ്ണിൽ നിന്നു പിടിവിടുവിച്ചു മേല്പോട്ട് ഉയരുന്നതുപോലെ , ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേല്പോട്ടു വളഞ്ഞു കിടക്കുന്നു" - ആശയം വ്യക്തമാക്കുക

(ii). "ഒരു യുദ്ധത്തിലെ തോൽവി അങ്ങ് മറക്കും. കളിയിലെ തോൽവി കയ്പായി മനസ്സിൽ നിൽക്കും എന്ന് എനിക്ക് ബോധ്യമായത് കൊണ്ട്" - സന്ദർഭം , ആശയം വ്യക്തമാക്കുക

(iii). ആഗോള ഭക്ഷ്യവിപണി എങ്ങനെയാണ് കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹത്തെ വിവിധ ഭക്ഷ്യവിഭവങ്ങളുടെ ഉപഭോക്താക്കളായി മാറ്റുന്നത് ?

(iv). ബോലേറാം എന്ന കഥാപാത്രത്തിൻറെ സ്വഭാവസവിശേഷതകൾ വിവരിക്കുക

**8.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 3 മാർക്ക് വീതം **( 3X3=9 )**

(i). "ചെറുതുമ്പപ്പൂവിനൊക്കും
വെളുത്തുപ്പും വിളമ്പുന്നു"

ഈ കാവ്യപ്രയോഗത്തിൻറെ ഭംഗി വിവരിക്കുക.

(ii). “പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ

തനിയാണവൾ കല്ലല്ലിരുമ്പല്ല” - വിശദമാക്കുക

(iii). ഭക്ഷണപ്രിയന്മാരുടെ കൊതിയും ധൃതിയും അല്പമല്ല ഭുജിക്കുന്നു എന്ന പാഠഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ ?

(iv). “പുണ്യശാലിനീ, നീ പകർന്നീടുമി-
തണ്ണീർ നമ്മുടെയോരോരോ തുള്ളിയും
അന്തമറ്റ സുകൃതഹാരങ്ങൾ നി-
ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം” - ആശയം വ്യക്തമാക്കുക

==============++++++++++++++================